**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **28-06-2022 - ൽ മറുപടിയ്ക്ക്**

**ക്വാറികളുടെ പ്രവർത്തനം നിലച്ചതുമൂലം നിർമ്മാണ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കരിങ്കൽ ക്വാറികളുടെ പ്രവർത്തനം പലയിടങ്ങളിലും നിലച്ചതുമൂലം നിർമ്മാണ പ്രവൃത്തികളിൽ പ്രതിസന്ധിയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ്. എല്ലാ വിധ ഖനനപ്രവർത്തനങ്ങൾക്കും നിലവിൽ പാരിസ്ഥിതി കാനുമതി നിർബന്ധമാണ്. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഖനനത്തിനായുള്ള ദൂരപരിധി 200 മീറ്റർ ആക്കിയ ബഹു.നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ OA 304/2019 ൻ മേലുള്ള ഉത്തരവ് പ്രകാരം നിർദ്ദിഷ്ട ദൂരപരിധി ബാധകമായ അപേക്ഷകളിൽ അനുമതി നൽകുവാൻ സാധിച്ചിരുന്നില്ല. എന്നാൽ മേൽ വിധിക്കെതിരെ ബഹു. സുപ്രീംകോടതിയുടെ 12122-12123/2018 നം. സിവിൽ അപ്പീലുകളിന്മേലുള്ള 20.10.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദൂരപരിധി വ്യവസ്ഥയ്ക്ക് വിധേയമായി 50 മീറ്റർ ആക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്വാറികൾക്ക് അനുമതി നൽകി ആയതു പ്രകാരം കരിങ്കൽ ക്വാറികളുടെ പ്രവർത്തനത്തിൽ ഉണ്ടായ പ്രതിസന്ധി പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ